ജനകീയ പോലീസ് പദ്ധതി

2(*9) ശ്രീമതി എൻ. കെ. രാധ് :
ശ്രി. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസും ജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് ജനകീയ പോലീസ് പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചു കഴിഞ്ഞിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ജനകീയ പോലീസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജനകീയ പോലീസ് സമിതികളുടെ ഘടനയും പ്രവർത്തനങ്ങളും അധികാരങ്ങളും വിശദമാക്കാമോ ; ഏതെല്ലാം തലങ്ങളിലാണ് സമിതി രൂപീകരിക്കുന്നത് ;

(ഇ) ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്കുണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാംആണെന്ന് വ്യക്തമാക്കാമോ ;

(എഫ്) ജനകീയ പോലീസ് പദ്ധതിയുടെ പരിധിയിൽ ഏതൊക്കെ കുറ്റകൃത്യങ്ങളെയാണ് ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ പദ്ധതി പ്രകാരം പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയിൻമേൽ ഉടൻ തന്നെ പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ജനകീയ പോലീസ് പദ്ധതി പരീക്ഷണാർത്ഥം നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; എന്ന് മുതലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ;

(ഐ) ജനകീയ പോലീസ് പദ്ധതിയുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ) കേരള പീപ്പിൾസ് പോലീസ് സ്കീം എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. കേരള പീപ്പിൾസ് പോലീസ് സ്കീം എന്ന ഒരു പദ്ധതിയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ഇതേക്കുറിച്ച് വ്യത്യസ്ത തലങ്ങളിലുള്ള ചർച്ചകളും പരിശോധനകളും നടന്നുവരികയാണ്. പദ്ധതിക്ക് ഏപ്രിൽ മാസത്തോടെ അന്തിമരൂപം നൽകി 2000 മേയ് മാസം 2 മുതൽ നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടത്തിപ്പിൽ വരുത്തുന്നതിനാവശ്യമായ പഠനപരിശീലന പരിപാടികൾ തയ്യാറാക്കി വരികയാണ്.

(സി-ജി) .പൊതുജനങ്ങളുടെ സഹകരണത്തോടെ പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചു കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കുറ്റകൃത്യങ്ങൾക്കിരയായവർക്ക് ഉപദേശം നൽകുക, നിയമവ്യവസ്ഥകളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക, കുട്ടികളെ കുറ്റവാസനയിൽ നിന്നകറ്റുക തുടങ്ങിയ കാര്യങ്ങളും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. വ്യാജവാറ്റ്, വ്യാജമദ്യത്തിന്റെ വിപണനം, മദ്യത്തിൽ മയക്കുമരുന്നു ചേർത്തു വിൽക്കൽ, കഞ്ചാവു കൃഷി, മയക്കുമരുന്നിന്റെ വിതരണം, വിപണനം, വാഹനാപകട പ്രതിരോധ നടപടികൾ, അപകടങ്ങളിൽ പ്രഥമശുശ്രൂഷ, വ്യാജവിസ, ഗൾഫ് തൊഴിൽ തട്ടിപ്പ്, സംഘടിതമായ സാമ്പത്തിക കബളിപ്പിക്കൾ, മോഷണം, സ്ത്രീകൾക്കെതിരായ അക്രമങ്ങൾ, കൂലിതല്ല്, കവലച്ചട്ടമ്പി ശല്യം, മദ്യപശല്യം സർക്കാർ പ്രോജക്ടുകളിൽ നിന്നുള്ള വെട്ടിപ്പ്, അഴിമതി, കൈക്കൂലി എന്നിങ്ങനെ സമൂഹത്തെ ബാധിക്കുന്ന കുറ്റകൃത്യങ്ങളിൽ ജനങ്ങളുടെ സഹകരണത്തോടെ നിയമനടപടികൾ ത്വരിതപ്പെടുത്തുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ-വാർഡുതലങ്ങളിൽ വാർഡിലെ എല്ലാ കുടുബാംഗങ്ങൾക്കും പങ്കെടുക്കാവുന്ന പീപ്പിൾസ് പോലീസ് സമിതികൾ രൂപീകരിക്കും. സമിതിയുടെ കൺവീനർ ഇതിനായി പ്രത്യേക പരിശീലനം നേടിയ ഒരു ഹെഡ്കോൺസ്റ്റബിളോ കോൺസ്റ്റബിളോ ആയിരിക്കും. മൂന്നുമാസത്തിലൊരിക്കൽ വാർഡിലെ കുടുബാംഗങ്ങൾക്കു മുഴുവൻ പങ്കെടുക്കാവുന്ന സമിതി യോഗം ചേരുന്നതും യോഗത്തിൽ ഡി.ജി.പി. മുതൽ താഴോട്ട് എ.എസ്.ഐ. വരെയുള്ള ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ പങ്കെടുക്കുന്നതും അദ്ധ്യക്ഷത വഹിക്കുന്നതുമാണ്. ജനങ്ങളെ നേരിടുന്ന പ്രശ്നങ്ങൾ യോഗത്തിൽ ഉന്നയിക്കാവുന്നതും നിയമാനുസൃതം അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതുമാണ്. സമിതിയുടെ കൺവീനറായ പോലീസ് ഉദ്യോഗസ്ഥൻ വാർഡിലെ ഇതിനായി നിശ്ചയിച്ച പൊതുസ്ഥലത്ത് മാസത്തിലൊരിക്കലെങ്കിലും വന്ന് പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കും. ഇത്തരം കേന്ദ്രങ്ങൾ "പീപ്പിൾസ് പോലീസ് സെന്റർ" എന്നറിയപ്പെടും. ജനങ്ങൾക്ക് പരാതി എഴുതി സമർപ്പിക്കാൻ സഹായകമായവിധം ഇത്തരം സ്ഥലങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതുമാണ്. സമൂഹത്തിൽ വ്യക്തികൾക്ക് പൊതുവായി നിയമസംരക്ഷണം കിട്ടേണ്ടതും, സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾ ഇല്ലാതാക്കേണ്ടതുമായ മേഖലകളിൽ പൊതുജനസൗഹൃദവും സമ്പൂർണ്ണ സഹകരണവും പോലീസിന്റെ പ്രവർത്തനങ്ങൾക്ക് ഉറപ്പാക്കിക്കൊണ്ട് വ്യക്തികൾക്കും സമൂഹത്തിനും എത്രയും

LIBRARY ARCHIVES Kerala Legislative Assembly

ഉപകരിക്കുന്നതരത്തിൽ കുറ്റകൃത്യങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും അമർച്ച ചെയ്യാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. ജനങ്ങൾ പോലീസ്സ് സ്റ്റേഷനുകളെ സമീപിക്കുന്നതിന് പകരം ജനങ്ങളുടെ താമസകേന്ദ്രങ്ങളിൽ പോലീസിന്റെ സേവനം ലഭ്യമാക്കും. ഓരോ വാർഡിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള ചുമതല വാർഡു സമിതിയുടെ കൺവീനറായ പോലീസുദ്യോഗസ്ഥനുണ്ടാകും.

(എച്ച്) വിവിധതലങ്ങളിൽ ചർച്ചകൾ നടത്തിയശേഷം ഏപ്രിൽ മാസത്തോടെ പദ്ധതിക്ക് അന്തിമരൂപം നൽകുവാനും 2000 മേയ് 2 മുതൽ പ്രാരംഭമായി കേരളത്തിലെ പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷനുകളിലെ തെരഞ്ഞെടുക്കപ്പെട്ട 1200 വാർഡുകളിൽ പദ്ധതി നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത്. അതിനു മുൻപായി ഇതിനു നിയോഗിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുകയും ചെയ്യേണ്ടതുണ്ട്.

(ഐ) പോലീസ് സ്റ്റേഷനുകളിൽ പദ്ധതി നടത്തിപ്പ് ഉറപ്പ് വരുത്തുന്നതിനുള്ള ചുമതല ബന്ധപ്പെട്ട സബ് ഡിവിഷനുകളിൽ ഡി.വൈ.എസ്.പി.മാർക്കായിരിക്കും. ജില്ലാതലത്തിൽ പദ്ധതി നടത്തിപ്പിന് ജില്ലാ പോലീസ് സൂപ്രണ്ടിന് സഹായിക്കാൻ ഒരു ഡി.വൈ.എസ്.പി.യെ നിയോഗിക്കും. റേഞ്ച് തലത്തിൽ പദ്ധതി വിജയിപ്പിക്കുന്നതിനുവേണ്ടി ഡി.ഐ.ജി.മാർക്ക് വ്യക്തിപരമായ ചുമതലയുണ്ടാകും. സംസ്ഥാനതലത്തിൽ ഡി.ജി.പിയുടെ മേൽനോട്ടത്തിൽ ഉദ്യോഗസ്ഥ അംഗങ്ങൾ ഉൾപ്പെടുന്ന സ്റ്റിയറിംഗ് കമ്മറ്റി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മേൽനോട്ടം വഹിക്കും.

<u>ശ്രീ. തമ്പാനൂർ രവി</u> : ഇപ്പോൾത്തന്നെ കേരളത്തിൽ അങ്ങയുടെ ഭരണത്തിൻ കീഴിൽ-കണ്ണൂർ, തലശ്ശേരി പ്രദേശങ്ങളിലെ കൊലപാതകങ്ങൾ-ഏറ്റവുമവസാനം കൊല്ലം എസ്.എൻ. കോളേജ് പ്രിൻസിപ്പലിനെ ബന്ദിയാക്കിയ സംഭവമുൾപ്പെടെ-കുറ്റകൃത്യങ്ങൾ പെരുകുന്നു. പോലീസ് ശക്തമായ നടപടിയെടുക്കുന്നില്ല. ക്രമസമാധാനനില അനുദിനം തകരാറിലാകുമ്പോഴും പോലീസ് നിഷ്ക്രീയമായി നോക്കി നിൽക്കുകയും ജനങ്ങൾ പോലീസിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്യുന്നു. അതാണോ അങ്ങയുടെ പുതിയ ജനകീയ പോലീസ് നയം ? 5-2-2000-ത്തിലാണ് അങ്ങ് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ പത്രസമ്മേളനത്തിൽ ഈ നയം പ്രഖ്യാപിച്ചത്. 6-ാം തീയതി രാവിലെ പത്മനാഭസ്വാമിക്ഷേത്ര കുളത്തിൽ ക്ഷേത്രജീവനക്കാരനായ ശശികുമാരൻ നായർ പോലീസ് നോക്കി നിൽക്കേ മുങ്ങിമരിച്ചു. ഇതാണോ ഈ നയംകൊണ്ട് അങ്ങ് ഉദ്ദേശിക്കുന്നത് ?

<u>ശ്രീ. ഇ. കെ. നായനാർ</u> : ഇതല്ല, പോലീസും ജനങ്ങളും തമ്മിൽ സഹകരിച്ചുകൊണ്ട് പ്രവർത്തിക്കാനുള്ള ഒരു കരട് നയം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇവിടെ ചോദ്യം ജനകീയ പോലിസ് പദ്ധതിയെക്കുറിച്ചാണ്. ആ പദ്ധതി നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഇഷ്ടംപോലെ ക്രിട്ടിസൈസ് ചെയ്യാം. അതിൽ സ്വീകാര്യമായത് സ്വീകരിക്കുകയും ചെയ്യാം. ഇങ്ങനെ ഒരു ജനകീയ പോലീസ് പദ്ധതി വേണമെന്നാണ് ആഗ്രഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : കേരളത്തിന്റെ ചരിത്രത്തിലാദ്യമായി, ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന ഒരു മുഖ്യമന്ത്രി പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ പോയി ഡി.ജി.പി. യുടെ കസേരയിൽ ഇരുന്നുകൊണ്ടാണ് ഒരു പത്രസമ്മേളനം നടത്തിയിരിക്കുന്നത്. ഇത് ഒരു തുടക്കമാണ്. കേരളത്തിലെ പുതിയ ജനകീയ പോലീസ് പദ്ധതിയനുസരിച്ച്, പോലീസ് സ്റ്റേഷന്റെ അധികാരം പൂർണ്ണമായി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്ക് നിയന്ത്രിക്കാനുള്ള തുടക്കമാണ് അങ്ങ് നടത്തിയതെന്നുള്ള വ്യാപകമായ ആക്ഷേപമുണ്ട്. അത് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഞാൻ ഇരുന്നത് ഡി.ജി.പി.യുടെ കസേരയിൽ തന്നെയാണ്. അതിൽ കുഴപ്പമൊന്നുമുണ്ടായിട്ടില്ല. ഞാൻ ഡി.ജി.പി.യെക്കാളും മുകളിലാണ്. അത് മനസ്സിലാക്കണം. അതുകൊണ്ട് അവിടെയിരിക്കും. അതിൽ യാതൊരു കുഴപ്പവുമില്ല. ഇത് ഒരു ഡ്രാഫ്റ്റ് ആണ്. നിങ്ങൾ പറഞ്ഞ സംഭവങ്ങൾ അടിയന്തിരപ്രമേയത്തിന്റെ ഭാഗമായി കൊണ്ടുവരികയാണ്. ആ സമയം ഞാൻ അതിനു മറുപടി പറയാം. ഇത് ഒരു ഡ്രാഫ്റ്റാണ്. ഇതിനെപ്പറ്റി നിങ്ങൾ എന്ത് വിമർശനം നടത്തിയാലും നല്ല ഭാഗങ്ങൾ ഉൾക്കൊള്ളും. അതിനുവേണ്ടിയാണ് മേയ് മാസം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ നടപ്പിലാക്കുന്നില്ല. ഈ സ്കീമിനെപ്പറ്റി നിങ്ങളോട് അഭ്യർത്ഥിക്കുന്നത്, നിങ്ങളുടെ ക്രിട്ടിസിസം വരണം. ആ ക്രിട്ടിസിസം വച്ചുകൊണ്ട് നമുക്ക് നന്നാക്കി കൊണ്ടുപോകാൻ കഴിയണം ജനങ്ങളും പോലീസും കൂടിയുള്ള സഹകരണം എങ്ങനെ നടത്താം, അത് നിങ്ങളുടെയൊക്കെ വിമർശനം കേട്ടിട്ടാണ് നന്നാക്കാനുദ്ദേശിക്കുന്നത്. അവിടെ ഞാൻ ഡി.ജി.പി. യുടെ കസേരയിലിരുന്നതുകൊണ്ട് യാതൊരു കുഴപ്പവും അവർക്കുണ്ടായിട്ടില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഈ ചോദ്യത്തിനുള്ള മറുപടി കേരളമാകെ കാതോർക്കുന്നതാണ്. കാരണം ഈ ജനകീയ പോലീസ് എന്നുള്ളതിനെപ്പറ്റി രാജ്യത്ത് ചർച്ച സജീവമായിട്ട് ചർച്ച നടക്കുകയാണ്. സത്യത്തിൽ ജനകീയ പോലീസ് പദ്ധതിയെ സംബന്ധിച്ചുള്ള ദുരൂഹത ഒന്നുകൂടി ബലപ്പെടുത്തുന്നതാണ് മുഖ്യമന്ത്രിയുടെ മറുപടി. ഏതു ലെവലിൽ ചർച്ച നടത്തിയിട്ടുണ്ടെന്നുള്ള 'ഡി' ചോദ്യം, ഡി.ജി.പിക്ക് എന്താണ് നിർദ്ദേശം കൊടുത്തത്, കൊടുത്ത നിർദ്ദേശത്തിന്റെ കോപ്പി ലഭ്യമാക്കുമോയെന്നുള്ള 'ഇ' ചോദ്യം, നിയമോപദേശം തേടിയിട്ടുണ്ടോ എന്നുള്ള 'എഫ്' ചോദ്യം, ഇത് ഏതെങ്കിലും വകുപ്പുമായിട്ട് ചർച്ച നടത്തിയിട്ടുണ്ടോയെന്നുള്ള 'ജി' ചോദ്യം ഈ എല്ലാ ചോദ്യങ്ങൾക്കും കൂടി ഒറ്റമറുപടിയാണ്. എന്താണ് മറുപടി ? ഇപ്പോൾ തയ്യാറാക്കിയ കരട് പദ്ധതിയെക്കുറിച്ച് വിവിധ തലങ്ങളിൽ ചർച്ചകളും പരിശോധനകളും നടന്ന് വരികയാണ്. ഇത് വേഗായിട്ട്, നിരുത്തരവാദപരമായിട്ട് ഈ സംസ്ഥാനത്ത് ഇത്രയും ബാധിക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ച് പൂർണ്ണമായി ഒഴിവാകുന്ന, ഇൻഫർമേഷൻ തരാൻ മടിക്കുന്ന ഒരു സമീപനമാണ് മുഖ്യമന്ത്രി എടുത്തിട്ടുള്ളത്. ഞാൻ ചോദിക്കുന്നത് ഇപ്പോൾ മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചതുപ്രകാരം നിങ്ങൾ ഡി.ജി.പി.ക്ക് കൊടുത്ത നിർദ്ദേശത്തിന്റെ കോപ്പി എന്തുകൊണ്ട് നമുക്ക് ലഭ്യമാക്കിക്കൂടാ ? എന്തിനാണ് നിങ്ങൾ ഇതിനെ മറച്ചു വയ്ക്കുന്നത്, എന്തിനാണ് നിങ്ങൾ ഒളിപ്പിച്ചു വയ്ക്കുന്നത്. എന്തുകൊണ്ടാണ് ഈ ചോദ്യത്തിന് നിങ്ങൾ സ്വാഭാവികമായും മറുപടി പറയാതെ വിവിധ തലത്തിൽ ചർച്ച നടത്തുകയാണെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറുന്നതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ഞാൻ ഒഴിഞ്ഞു മാറിയിട്ടൊന്നുമില്ല. ഇതൊരു സ്കീമാണ്, പദ്ധതിയാണ്. അതിന്റെ വിവിധ വശങ്ങളാണ് ഞാൻ ചോദ്യത്തിന് മറുപടിയായിട്ട് പറഞ്ഞത്. അതിൽ ഒരു പക്ഷേ, നിങ്ങൾക്ക് വിയോജിപ്പുണ്ടാകാം. ഇത് ഇന്റർനാഷണലായിട്ട് പല രാജ്യത്തുമുള്ള സ്കീമാണ്. ആ സ്കീം അവർ നടപ്പിലാക്കിയതുപോലെ നമ്മൾ നടപ്പിലാക്കണമെന്നില്ല. നമുക്ക് പറ്റുന്ന രൂപത്തിൽ ജനങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇല്ലാത്ത ഒരു സ്കീമിന്റ ഡീറ്റെയിൽസ് വരുന്നത് അത് നടപ്പിലാക്കുന്ന സമയത്താണ്. ഇപ്പോൾ ഇതൊരു ഡ്രാഫ്റ്റ് സ്കീമായിട്ട് അനൗൺസ് ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : മുഖ്യമന്ത്രി 5-ാം തീയതിയിലെ പത്രസമ്മേളനത്തിൽ പറഞ്ഞിട്ടുള്ളത് എന്താണെന്നു വച്ചാൽ, വിദേശ രാജ്യങ്ങളിൽ പ്രചാരം സിദ്ധിച്ചിട്ടുള്ള Neighbourhood watch programme-ന്റെ അടിസ്ഥാനത്തിൽ, അത് പിൻതുടർന്നുകൊണ്ടാണ് കേരളത്തിൽ പുതിയ പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നതെന്നാണ്. ഈ പദ്ധതി രൂപപ്പെടുത്തിക്കഴിഞ്ഞു എന്നാണ് മുഖ്യമന്ത്രി അന്ന് പറഞ്ഞത്. മുഖ്യമന്ത്രി ഈ സഭയിൽ പറയുന്നത് വിവിധ തലത്തിൽ ചർച്ച നടത്തുന്നുവെന്നാണ്. ഞാൻ ചോദിക്കുന്നത്, മുഖ്യമന്ത്രി പത്രങ്ങളോട് പറഞ്ഞതാണോ ശരി, ഈ സഭയിൽ പറയുന്നതാണോ ശരി ? രണ്ടാമത് എന്റെ ചോദ്യത്തിൽ ഏറ്റവും പ്രധാനമായിട്ടുള്ള സംഗതി, ഇവിടെ പറഞ്ഞല്ലോ കരട് സ്കീം വിവിധതലത്തിൽ ചർച്ച നടത്തുകയാണെന്ന്. നിയമസഭയിലെ അംഗങ്ങളായ ഞങ്ങളെ അങ്ങേയ്ക്ക് വിശ്വാസമില്ലേ ? വിവിധ തലത്തിൽ ചർച്ച നടത്തുന്നുവെന്നു പറയുന്ന കരടിന്റെ കോപ്പിയെങ്കിലും ഇവിടത്തെ എം.എൽ.എ.മാർക്ക് നൽകാൻ, എന്തുകൊണ്ടാണ് തയ്യാറാകാത്തത്. ഇത്രയ്ക്ക് അങ്ങേയ്ക്ക് ഞങ്ങളെ വിശ്വാസമില്ലേ ? എന്തുകൊണ്ടാണ് ഇവിടത്തെ എം.എൽ.എ.മാർക്ക് ഇവിടെ ചർച്ച നടത്തുന്നുവെന്നു പറയുന്ന കരടിന്റെ കോപ്പിയെങ്കിലും നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിസമ്മതിക്കുന്നതെന്ന് പറയാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. ഇ. കെ. നായനാർ : കോപ്പി എല്ലാവർക്കും തരാം. അന്ന് ഞാൻ പറഞ്ഞിട്ടുള്ളത് നടപ്പിലാക്കിയെന്നല്ല, നടപ്പിലാക്കാൻ പോകുന്നുവെന്നാണ്. പോകുന്നുവെന്നും നടപ്പിലാക്കിയെന്നുമുള്ളത് രണ്ടും രണ്ടാണ്. അപ്പോൾ, ആ നടപ്പിലാക്കാൻ പോകുന്നത്, പോലീസുമായിട്ട് ചർച്ച ചെയ്ത ആ കരട് തയ്യാറാക്കി നിങ്ങൾക്കെല്ലാം കോപ്പികൾ അയക്കാൻ ഞങ്ങൾ സന്നദ്ധമാണ്. യാതൊരു പ്രശ്നവും ഇവിടെ അക്കാര്യത്തിലില്ല. ഒളിപ്പിച്ചു വയ്ക്കേണ്ട ഒരു കാര്യവുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഈ ജനകീയപോലീസ് പദ്ധതിക്കകത്ത് ഒരു hidden agenda ഉണ്ടെന്നാണ് കേരളത്തിലെ ജനങ്ങൾ സംശയിക്കുന്നത്. പോലീസ് സ്റ്റേഷനുകളുടെ ഭരണം ഒരു പാർട്ടി പിടിച്ചെടുക്കാനും ക്രിമനലുകളും പാർട്ടിയും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താനും അങ്ങനെ ഈ സംസ്ഥാനത്ത് രാഷ്ട്രീയമായി വിരോധമുള്ള ആളുകളെ ഒതുക്കാനുമുള്ള ഒരു പദ്ധതിയാക്കി ഇതിനെ മാറ്റുന്നുവെന്നുള്ള ഒരു തോന്നലാണ് ഇവിടെ സാമാന്യ

ബുദ്ധിയുള്ള പൊതുജനങ്ങൾക്കെല്ലാം ഉണ്ടായിട്ടുള്ളത്. ഇവിടെ മുഹമ്മദ് ബഷീർ പറഞ്ഞതുപോലെ, പത്താം സബ്ജക്ട് കമ്മിറ്റി ഫോമിനെ സംബന്ധിച്ച സബ്ജക്ട് കമ്മറ്റിയാണ്. ഇത്രയും പ്രധാനപ്പെട്ട ഒരു തീരുമാനമെടുത്തിട്ട് നിയമസഭയ്ക്ക് പ്രാതിനിധ്യമുള്ള പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയിൽപോലും ചർച്ച ചെയ്യാതെ ഇങ്ങനെ ഒരു പദ്ധതി കൊണ്ടുവരാനുള്ള അടിയന്തിര സാഹചര്യം പഞ്ചായത്ത് ഇലക്ഷനല്ലാതെ മറ്റെന്താണെന്ന് അങ്ങ് വിശദമാക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : ഒരു ഇലക്ഷനുമില്ല, ഇതിപ്പോൾ നടപ്പിലാക്കുന്നുമില്ല. ഇത് കുറെ കഴിഞ്ഞിട്ടേ നടപ്പിലാക്കാൻ പോകുന്നുള്ളു. ധൃതിയിൽ ഇത് നടപ്പിലാക്കാൻ നടപടിയില്ല. നിങ്ങളുടെയൊക്കെ തന്നെ വിമർശനങ്ങൾ കേട്ട് ഇപ്പോൾ കോപ്പി വേണമെന്നാണ് പറഞ്ഞത്. എല്ലാവർക്കും കോപ്പി തരാം. യാതൊരു കുഴപ്പവുമിവിടെയില്ല. പിന്നെ നിങ്ങൾക്ക് പോലീസ് നയത്തോടുള്ള സമീപനമാണ്. അതു സംബന്ധിച്ച് ഇവിടെ ചർച്ചവരുന്നുണ്ട്. അടിയന്തിര പ്രമേയത്തിലൊക്കെ അന്നേരം നമുക്കത് സംസാരിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ജനകീയ പോലീസ് പദ്ധതിയുടെ വേറൊരു രൂപം പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി പഞ്ചായത്തിൽ ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി. അങ്ങ് ഇന്നിവിടെ മറുപടിയിൽ സൂചിപ്പിച്ചതുപോലെ പോലീസും ജനങ്ങളുമായിട്ടുള്ള ബന്ധം മെച്ചപ്പടുത്താനും അവിടെ പോലീസിനുവേണ്ട സഹായങ്ങൾ നൽകാനും, ഇതുപോലുള്ള ആന്റി സോഷ്യൽ എലിമെന്റ്സിനെ കണ്ടുപിടിക്കാൻ വേണ്ട സഹായം കൊടുക്കാനും പോലീസിന് ഇപ്പോൾ തന്നെ നിലവിൽ സംവിധാനമുണ്ട്. പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താനുള്ള സ്കീം പത്തനംതിട്ടയിൽ ആവിഷ്കരിച്ച സമയത്ത് അവിടത്തെ എസ്. പി. രവതാ ചന്ദ്രശേഖരൻ ആയിരുന്നു. അന്ന് അവിടത്തെ പഞ്ചായത്ത് പ്രസിഡന്റ് വിക്ടർ ടി. തോമസായിരുന്നു. അന്ന് ഈ സ്കീം നടപ്പിലാക്കിയ വിക്ടർ. ടി. തോമസിനെ പോലീസ് തന്നെ മാരകമായി തല്ലുകയും ചെയ്തു, രവതാ ചന്ദ്രശേഖറിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. ഈ പദ്ധതിക്ക് അതല്ല ഗതിയെന്ന് അങ്ങേയ്ക്ക് വ്യക്തമാക്കാൻ കഴിയുമോ ?

ശ്രീ. ഇ. കെ. നായനാർ : പോലീസ് തല്ലിയ കാര്യങ്ങളൊക്കെ നമുക്ക് വേറെ ചർച്ച ചെയ്യാം. ഇവിടെത്തന്നെ അതിന് അവസരമുണ്ടല്ലോ ? ഇന്നിപ്പോൾ എന്താണെന്നു വച്ചാൽ, ഈ പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് എന്തെങ്കിലും ക്രിട്ടിസിസമുണ്ടെങ്കിൽ അതൊക്കെ കേൾക്കാൻ സന്നദ്ധമാണ്. അത്തരത്തിലുള്ള ക്രിട്ടിസിസമൊക്കെ കേട്ട്, നിങ്ങളുടെയൊക്കെ നല്ല അഭിപ്രായങ്ങൾ സ്വീകരിച്ചുകൊണ്ടേ ഈ സ്കീം നടപ്പിലാക്കാൻ പോകുന്നുള്ളു. കോഴഞ്ചേരി, പത്തനംതിട്ടയിൽ നടന്ന സംഭവങ്ങൾ നമുക്ക് ഓരോന്നായിട്ട് എടുത്ത്, ഇവിടെ തന്നെ അവസാനം പ്രമേയമുണ്ട്. അന്നേരം സംസാരിക്കാം.

ശ്രീമതി എൻ. കെ. രാധ : കേരളത്തിലെ പീപ്പിൾസ് പോലീസ് സ്കീമിന് സമാനമായ സംവിധാനം ഏതെങ്കിലും വിദേശ രാജ്യങ്ങളിൽ പരീക്ഷിച്ചിട്ടുള്ളതായി അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ഇംഗ്ലണ്ട്, അമേരിക്ക തുടങ്ങി മറ്റ് രാജ്യങ്ങളിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഏറെ ജനപ്രീതി നേടിയ നടപടിയാണിത്. ഇവിടത്തെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെ നടപ്പിൽ വരുത്താനാകുമെന്ന് ചർച്ചയ്ക്കുശേഷം തീരുമാനിക്കാം.

ശ്രീമതി എൻ. കെ. രാധ : കേരളത്തിലെ പീപ്പിൾസ് പോലീസ് സ്കീം ഇൻഡ്യയിൽ മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ടോ അതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : ഇൻഡ്യയിൽ ഇല്ലെന്നു ഞാൻ പറയുന്നില്ല. ഇൻഡ്യയിലുണ്ട്. Neighbourhood watch programme എന്നാണ് അതിന്റെ പേര്. അത് പീപ്പിൾസ് പോലീസ് പദ്ധതിയെന്നല്ല Neighbourhood watch programme എന്നാണ്. തമിഴ്നാട്ടിൽ ഇതുപോലെതന്നെ 'Friends of Police' എന്ന് പറഞ്ഞ് ഒരു സ്കീമുണ്ട്. ഇത്തരത്തിൽ പരീക്ഷണാർത്ഥം നടപ്പിലാക്കിയ സംവിധാനത്തിൽ സാമൂഹ്യശാസ്ത്ര, വനശാസ്ത്ര വിദഗ്ദ്ധൻമാരുടെ സമ്മതം നേടിയിട്ടാണ് അത് നടപ്പിലാക്കിയത്. നമുക്ക് എന്തെല്ലാം വേണമെന്ന് ചർച്ച ചെയ്ത് സ്വീകരിക്കാം.

ശ്രീ. കെ. പി. രാജേന്ദ്രൻ : പീപ്പിൾസ് പോലീസ് സെന്ററുകളിൽ നിർഭയം പരാതികൾ ഉന്നയിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമം എന്താണ് ?

ശ്രീ. ഇ. കെ. നായനാർ : 1200 ഓളം പഞ്ചായത്തുകളിൽ ജനപങ്കാളിത്തമുള്ള യോഗങ്ങൾ മുമ്മൂന്ന് മാസം കൂടുമ്പോൾ ചേരും പ്രസ്തുതയോഗത്തിൽ കോൺസ്റ്റബിൾ, ഹെഡ്കോൺസ്റ്റബിൾ എന്നിവർ പങ്കെടുക്കും അതിനു പുറമേ എ.എസ്.ഐ. മറ്റ് പോലീസ് ആഫീസർമാർ എന്നിവരും ഉണ്ടാകും. ഈ യോഗത്തിൽ ഉന്നയിക്കപ്പെടുന്ന പരാതികൾക്കൊക്കെ മറുപടി നൽകും. ഇക്കാര്യങ്ങളൊക്കെ പരിശോധിച്ച് ഡി.ജി.പി. വരെ അതിന്റെ അന്വേഷണം എത്തും. അങ്ങനെ നിങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : അങ്ങനെയാണെങ്കിൽ പരാതികൾക്ക് രസീത് നൽകുമോ ; നൽകുന്ന പരാതിയിൻമേൽ എന്തുനടപടി സ്വീകരിച്ചു എന്ന് പരാതി നൽകുന്നവരെ അറിയിക്കാനുള്ള സംവിധാനം ഉണ്ടാകുമോ ?

ശ്രീ. ഇ. കെ. നായനാർ : ചോദ്യം ശരിയാണ്. തീർച്ചയായും രസീത് നൽകും പദ്ധതിക്ക് അന്തിമ രൂപം നൽകുമ്പോൾ അന്ന് മറുപടിയിൽ പോലീസ് എന്തെല്ലാം പറഞ്ഞു. മറ്റു ഉയർന്ന ഉദ്യോഗസ്ഥന്മാർ ആരെല്ലാം പങ്കെടുത്തുവെന്ന കാര്യങ്ങളെപ്പറ്റി മുഴുവൻ പരിശോധിച്ച ശേഷമേ നടപടി പൂർത്തിയാക്കുകയുള്ളു.

ശ്രീ. പി. കെ. കുമാരൻ : ആദ്യഘട്ടത്തിൽ എത്ര പോലീസുകാർക്കാണ് ട്രയിനിംഗ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : 1700-ഓളം കോൺസ്റ്റബിൾ, ഹെഡ് കോൺസ്റ്റബിൾമാർക്കാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുമാരൻ : ട്രെയിനിംഗ് എപ്പോൾ പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : മേയ് മാസത്തിനു മുമ്പ് പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനുശേഷമേ നടപ്പിലാക്കുന്ന കാര്യം തന്നെ പൂർണ്ണമായി ആലോചിക്കുകയുള്ളു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : മേയ് മാസം 2-ാംതീയതി മുതൽ ഈ ജനകീയ പോലീസ് പദ്ധതി നടപ്പാക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു സംബന്ധിച്ചു നടത്തിയ പ്രസ് കോൺഫറൻസിൽ പ്രസ്താവിച്ചത്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ജനകീയ പോലീസ് പദ്ധതി നിയമത്തിന്റെ സംരക്ഷണമുള്ള പദ്ധതിയായിരിക്കുമെന്ന്, നിയമത്തിന്റെ സംരക്ഷണം വേണമെങ്കിൽ അതിനാവശ്യമായ നിയമങ്ങൾ തയ്യാറാക്കണം. ഇനി രണ്ടു മാസമേ ബാക്കിയുള്ളു. നിയമത്തിന്റെ അല്ലെങ്കിൽ ഇതുപോലുള്ള പദ്ധതികളുടെ ഡ്രാഫ്റ്റ് തയ്യാറാക്കേണ്ടതു തന്നെ ലാ ഡിപാർട്ടുമെന്റാണ്. ഈ പദ്ധതിയെ സംബന്ധിച്ചു ലാ ഡിപ്പാർട്ടുമെന്റുമായി ചർച്ച നടത്തിയിട്ടുണ്ടോ, ലാ ഡിപ്പാർട്ടുമെന്റ് ഡ്രാഫ്റ്റ് ഉണ്ടാക്കിയിട്ടുണ്ടോ, ഈ ജനകീയ പദ്ധതിയെക്കുറിച്ച് മന്ത്രിസഭ ചർച്ച ചെയ്തു. മന്ത്രിസഭയുടെ അംഗീകാരമുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ഈ സംഗതിയെ സംബന്ധിച്ച്, കരട് പബ്ളിഷ് ചെയ്തതു മാത്രമേയുള്ളു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതൊക്കെ നടപടിയിലേയ്ക്ക് വരും. അതിനുശേഷമേ നടപ്പിലാക്കുകയുള്ളു.

ശ്രീ. എ. കെ. ആന്റണി : ഞാൻ രണ്ട് കാര്യങ്ങളാണ് സ്പെസിഫിക്കായിട്ട് ചോദിച്ചത്, അതിന് സ്പെസിഫിക്കായിട്ട് ആൻസറും വേണം. ഈ കരട് ലാ ഡിപ്പാർട്ടമെന്റ് തയ്യാറാക്കിയതാണോ. ലാ ഡിപ്പാർട്ടുമെന്റുമായിട്ട് ആലോചിച്ചിട്ടുണ്ടോ, ഈ കരട് റിപ്പോർട്ടിനെ കുറിച്ച് മന്ത്രിസഭ ചർച്ച ചെയ്തിട്ടുണ്ടോ ; കേരളത്തിലെ നിയമസമാധാനനിലയെ വളരെ ദൂരവ്യാപകമായി ബാധിക്കുന്ന പ്രശ്നമാണിത്. ഇത് മന്ത്രിസഭ ചർച്ച ചെയ്തിട്ടുണ്ടോ, ലാ ഡിപ്പാർട്ടുമെന്റിന്റെ ഉപദേശം തേടിയിട്ടുണ്ടോ ? ഇതു രണ്ടും സ്പെസിഫിക്ക് ചോദ്യങ്ങളാണ്. ഇതിനെക്കുറിച്ച് സ്പെസിഫിക്ക് ആൻസർ പറയണം.

ശ്രീ. ഇ. കെ. നായനാർ : സ്പെസിഫിക് എന്ന് പറഞ്ഞാൽ, ലാ സെക്രട്ടറിയും ക്യാബിനറ്റുമായി ചർച്ച ചെയ്തതിനുശേഷമേ നടപ്പാക്കുകയുള്ളു.

ശ്രീ. ജി. സുധാകരൻ : കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുവാൻ സാധ്യതയുള്ള ജനകീയ പോലീസ് പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് തന്നെ പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണങ്ങളിൽ എന്തെങ്കിലും സാധുത ഉണ്ടോ, പരിപാടി തുടങ്ങുന്നതിനുമുമ്പ് തന്നെ..... ബഹളം.....ഇതിനെപ്പറ്റി കുറ്റം കണ്ടുപിടിക്കുന്നു.....ബഹളം.....ഈ നിലപാടിൽ എന്തെങ്കിലും സാധുത ഉണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ആ കാര്യം വിശദീകരിക്കാമോ ? .....ബഹളം.....

മി. സ്പീക്കർ : പ്ലീസ്.....ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദ്യം കേട്ടോ..... ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : എന്താണ് ചോദ്യം, ഞാൻ കേട്ടില്ല.

ശ്രീ. ജി. സുധാകരൻ : കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ ഗുണപരമായ മാറ്റം വരുത്തുവാൻ സാദ്ധ്യതയുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പുതന്നെ പ്രതിപക്ഷം ഇതിനെ വിമർശിക്കുന്നതിൽ എന്തെങ്കിലും സാധുത ഉണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ? .....ബഹളം.....

മി. സ്പീക്കർ : പ്ലീസ്.....നിങ്ങൾക്കും ഇതിനെക്കുറിച്ച് ചോദിക്കാം.

ശ്രീ. ഇ. കെ. നായനാർ : ജനങ്ങളുടെ സഹകരണത്തോടുകൂടിയാണ് ഇത് നടപ്പിലാക്കുക. മറ്റേതിനു ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്. എല്ലാവരുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ ഇത് നടപ്പിലാക്കുകയുള്ളുവെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്.....ബഹളം.....

മി. സ്പീക്കർ : ചോദ്യത്തിനു എങ്ങനെ ഉത്തരം പറയണമെന്ന് ഇൻസിസ്റ്റ് ചെയ്യാൻ പറ്റുകയില്ല. അദ്ദേഹം രണ്ടുതവണ മറുപടി പറഞ്ഞു.....ബഹളം..... ശ്രീ. കെ. എം.മാണി..... ബഹളം.....ശ്രീ. കെ. എം. മാണി.....അങ്ങ് ചോദ്യം ചോദിച്ചാലേ ബഹളം തീരുകയുള്ളൂ.

ശ്രീ. കെ. എം. മാണി : 5-2-2000-ത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോലീസ് ഓഫീസേഴ്സിനെ വിളിച്ചുകൂട്ടി ഈ സ്കീമിനെക്കുറിച്ച് ചർച്ച ചെയ്തതിനുശേഷം വന്നിട്ടുള്ള പത്രറിപ്പോർട്ടിലെ ഒരു വാചകം ഞാൻ വായിക്കാം. അതിൽ പറഞ്ഞിരിക്കുന്നത്, പരിശീലനത്തിനുള്ളവരെ തെരഞ്ഞെടുക്കുന്നത് ഡി.ഐ.ജി.മാർ ആയിരിക്കും താഴെത്തട്ടിലുള്ള ഓഫീസറൻമാരുടെ ശുപാർശയനുസരിച്ച് തയ്യാറാക്കിയ പട്ടികയിൽ നിന്നായിരിക്കും തെരഞ്ഞെടുപ്പ് എന്നും കൺവീനർമാർക്ക് വാക്കാൽ നൽകുന്ന രഹസ്യ വിവരങ്ങളിൻമേലും നടപടിയുണ്ടാകുമെന്നാണ് റിപ്പോർട്ട് വന്നിരിക്കുന്നത്. ഇതിന്റെ അർത്ഥമെന്താണ് ? സംസ്ഥാനത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സ്വാധീനമുള്ള, നിയന്ത്രണമുള്ള പോലീസ് അസോസിയേഷൻ കൊടുക്കുന്ന ലിസ്റ്റിൽനിന്നും തയ്യാറാക്കുന്ന, കൺവീനർമാർ അവർക്ക് കിട്ടുന്ന രഹസ്യ അറിയിപ്പിൻമേൽ നടപടിയുണ്ടാകുമെന്ന് പറഞ്ഞാൽ ഇത് പോലീസിന്റെ സ്വതന്ത്ര്യമായ അന്വേഷണത്തിൽ ബാഹ്യമായ ഇടപെടൽ വിളിച്ചുവരുത്തികൊണ്ട് എതിരാളികളുടെമേൽ നടപടിയെടുക്കാൻ, കള്ളക്കേസുകൾ കെട്ടിച്ചമയ്ക്കുവാനും ഇത് ഉപകരിക്കില്ലേ ? ഇത് നിയമ സമാധാനനില തകരുന്നതിന് വഴി തെളിക്കില്ലേയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം നൽകിയാൽ കൊള്ളാം.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മാണി ഒരു വിമർശനം നടത്തി, അത് നല്ലരീതിയിലെടുത്ത് നമുക്ക് അഭിമാനിക്കാം. ഈ രാജ്യത്തിൽ പോലീസ് അസോസിയേഷനുണ്ട്, പോലീസ് കോൺഗ്രസ്സുണ്ട്, രണ്ടുമുണ്ട്, ഒന്നുമാത്രമല്ല, മൂന്നോ നാലോ പോലീസ് സംഘടനകളുണ്ട് മാണി ഒരു കാലത്ത് കോൺഗ്രസ്സിന്റെ അഭിപ്രായം മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. അതുകൊണ്ടാണ് ഈ

കുഴപ്പം. ഞാൻ എല്ലാപേരുടേയും അഭിപ്രായങ്ങൾ സ്വീകരിച്ചുകൊണ്ടേ നടപ്പാക്കുകയുള്ളു. അത് വ്യക്തമായി പറഞ്ഞു. അല്ലാതെ മാർക്സിസ്റ്റ് പാർട്ടിയുടേത് എന്നുള്ളതല്ല. അത് നിങ്ങളുടെ വിമർശനമാണ്. അതിനോട് എനിക്ക് യോജിപ്പില്ല.

ശ്രീ. സി. പി. ബാലൻ വൈദ്യർ : പോലീസിന്റെ പ്രവർത്തനം പല ഘട്ടങ്ങളിലും വിമർശനം വിധേയമാകാറുണ്ട്. പോലീസിനെ ഉപയോഗിച്ച രീതികളെ സംബന്ധിച്ച് നമുക്കൊക്കെ അറിയാവുന്നതാണ്. ചില ഘട്ടങ്ങളിൽ ചില രാഷ്ട്രീയ പാർട്ടികളുടെ സംഘടനാ തെരഞ്ഞെടുപ്പുകൾക്കുപോലും, ചില പ്രത്യേക വിഭാഗത്തെ ജയിപ്പിക്കാൻ വേണ്ടി വോട്ട് ചെയ്യിച്ചതുപോലെയുള്ള അനുഭവങ്ങളും പോലീസിനെ സംബന്ധിച്ചു വന്നിട്ടുണ്ട്. ഈ അനുഭവങ്ങളുടെയെല്ലാം വെളിച്ചത്തിൽ ഒരിക്കലും പോലീസിനെ ഈ നിലയിൽ ഉപയോഗിക്കാതിരിക്കത്തക്ക വിധത്തിലുള്ള ഒരു സംവിധാനം കൂടി ഈ പുതിയ പദ്ധതിയുടെ ഭാഗമായി ഉണ്ടാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : പല കാലഘട്ടങ്ങളിൽ പല നടപടികളും ഈ കേരളത്തിൽ നടന്നിട്ടുണ്ട്. പ്രതിപക്ഷക്കാർ ഭരിക്കുമ്പോഴും നടന്നിട്ടുണ്ട്. ഈ വിഭാഗക്കാർ ഭരിക്കുമ്പോഴും നടന്നിട്ടുണ്ട്. അതിന്റെ ഡീറ്റെയിൽസിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. പോകേണ്ട സമയം വരും, അന്നേരം ഞാൻ പറഞ്ഞുകൊള്ളാം. ആ അടിസ്ഥാനത്തിൽ, തീർച്ചയായിട്ടും ന്യായമായി, കുറ്റകൃത്യങ്ങൾ ലഘൂകരിക്കുവാനും കൈക്കൂലി പാടില്ല. അഴിമതി പാടില്ല, അതുപോലെ സ്ത്രീകൾക്കടക്കം, പിന്നോക്കസമുദായത്തിനടക്കം സംരക്ഷണം കിട്ടണം. ഇതിനു എല്ലാ ഏരിയായിലുള്ള ജനങ്ങളുടെ യോഗം ചേർന്ന് വിമർശനവും അതിനുള്ള നടപടിക്രമങ്ങളും കേട്ടുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇങ്ങനെ നന്നാക്കി തീർക്കാൻ പരിശ്രമിക്കുന്നതിന്റെ ഭാഗമായി ഒരു കരട് മാത്രമേ വച്ചിട്ടുള്ളു. അതിനെ എല്ലാവർക്കും ക്രിട്ടിസൈസ് ചെയ്യാം. എല്ലാവർക്കും നല്ല അഭിപ്രായവും പറയാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ ചോദ്യത്തിന്റെ 'സി' വിഭാഗത്തിൽ ചോദിച്ചതു, മുഴുവൻ രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധികളുമായും വിവിധ മേഖലകളിലുള്ള പ്രതിനിധികളുമായും ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നാണ്. അതിനു ഉത്തരം ഉണ്ട്, വിപുലമായ രൂപത്തിൽ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറഞ്ഞു. പത്രത്തിൽ കാണുന്നു. അതിനുള്ള ട്രെയിനിംഗ് കൊടുക്കുന്നുവെന്ന് അത് സ്കീമായി, സ്കീമിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഒരു സ്കീമോ ഒരു റൂളോ ഉണ്ടാക്കുകയാണെങ്കിൽ അതിന്റെ ഡ്രാഫ്റ്റ് അതു സംബന്ധിച്ച് സബ്ജക്ട് കമ്മറ്റിയിൽ വരണം. ഈ സ്കീമിനെ സംബന്ധിച്ചിടത്തോളം അതിന്റെ ഡ്രാഫ്റ്റ് സബ്ജക്ട് കമ്മറ്റിയിൽ വന്നില്ല. ഇത് നിയമസഭയെ ധിക്കരിക്കുന്ന ഒന്നാണ് രാഷ്ട്രീയപാർട്ടിയുമായി ആദ്യം ആലോചിക്കണം. അത് ആലോചിച്ചില്ല. ക്യാബിനറ്റിനെ നോക്കുകുത്തിയാക്കിയത് പോലെ കേരളത്തിലെ പ്രതിപക്ഷപാർട്ടികളെ നോക്കുകുത്തികളാക്കാൻ പറ്റില്ല. ലാ ഡിപ്പാർട്ടുമെന്റ് ഡ്രാഫ്റ്റ് ചെയ്യാത്ത, സബ്ജക്ട് കമ്മറ്റിയിൽ വയ്ക്കാത്ത ക്യാബിനറ്റിനെ കാണിക്കപോലും ചെയ്യാതെ ഇത് മാർക്സിസ്റ്റ് പാർട്ടി ഉണ്ടാക്കിയതാണ് എന്നുള്ളത് അങ്ങ് നിഷേധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ഇത് മാർക്സിസ്റ്റ് പാർട്ടിക്ക് വേണ്ടിയല്ല. ഇതിനെക്കുറിച്ച് ഞാൻ പരാമർശിച്ചു കഴിഞ്ഞു. ഒരു പാർട്ടിയുടെ കുത്താകാധിപത്യം ഈ പോലീസ് നയത്തിൽ അംഗീകരിക്കുകയില്ല. എല്ലാ പാർട്ടികൾക്കും തുല്യമായി പറയാനുള്ള അവകാശമുണ്ട്. ഇപ്പോൾ ഇത് നടപ്പാക്കുന്നുമില്ല. ഇനിയും സമയമുണ്ട്. അതിനിടയ്ക്ക് ലാ ഡിപ്പാർട്ടുമെന്റും ക്യാബിനറ്റുമൊക്കെ ചർച്ച ചെയ്യും. ചർച്ച ചെയ്യാതെ ഇത് നടപ്പാക്കുകയില്ല. അത് നിങ്ങൾക്ക് അറിയാമല്ലോ, പിന്നെ എന്തിനാണ് കുത്തിക്കുത്തി ചോദിക്കുന്നത്.

ശ്രീ. എൻ. അനിരുദ്ധൻ : സർ, പോലീസിനു നൽകിവരുന്ന ട്രെയിനിംഗ് വളരെ വളരെ പഴയ രീതിയിലുള്ളതാണെന്നും മനുഷ്യരുമായി എങ്ങനെ പെരുമാറണമെന്ന മാനവികത അടിസ്ഥാനപ്പെടുത്തി ഒരു ട്രെയിനിംഗ് പോലീസിനു ലഭിക്കുന്നില്ല എന്നും പരക്കെ പരാതിയുണ്ട്. ആ പരാതിക്ക് പരിഹാരം ഉണ്ടാക്കുന്നതിനായി പുതിയ രീതിയിലുള്ള, മനുഷ്യമുഖമുള്ള ട്രെയിനിംഗ് നൽകുന്നതിന് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : ബ്രിട്ടനിലും അമേരിക്കയിലും ഇതിന് സ്കീമുണ്ട്. അതുപോലെ തമിഴ്നാട്ടിലുള്ള സ്കീമിന്റെ പേര് ഞാൻ പറഞ്ഞു. ഇതെല്ലാം പരിശോധിച്ചിട്ട് നമുക്ക് എങ്ങനെ നന്നാക്കിതീർക്കാം എന്നുള്ളത് നോക്കാം. ജനങ്ങളുടെ സഹകരണം ഉദ്ദേശിച്ചിട്ടാണ് ഇതുണ്ടാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അല്ലാതെ ഇതൊരു ഫൈനൽ നിയമമൊന്നുമല്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഇപ്പോൾ വെളിപ്പെടുത്തിയ ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ മന്ത്രിസഭ യോഗത്തിലോ അല്ലെങ്കിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിലോ ഇത് പരിഗണനയ്ക്കു വച്ചിട്ടില്ല എന്നും ഇവിടത്തെ പോലീസ് സേനയിൽത്തന്നെ രാഷ്ട്രീയ പാർട്ടികളുടെ അസോസിയേഷനുകൾ ഉണ്ട് എന്നും വെളിപ്പെടുത്തിയിരിക്കുകയാണ്. ഈ സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ ഇതിന്റെ നടപടി ക്രമങ്ങൾ പാലിക്കാതെ വളരെ തിരക്കുകൂട്ടി മേയ് മാസം 2-ാം തീയതി ഇത് പ്രാബല്യത്തിൽ വരുമെന്ന് മുഖ്യമന്ത്രി ഇവിടെ ഡിക്ലയർ ചെയ്തുകഴിഞ്ഞു. ഇത് ഫെബ്രുവരി അവസാനമാണ്. മാർച്ച്, ഏപ്രിൽ ഈ രണ്ട് മാസക്കാലം കൊണ്ട് ഈ പറയുന്ന തലങ്ങളിലൊക്കെ ചർച്ചകൾ നടത്തി ഈ സ്കീം നടപ്പിലാക്കാൻ സാധിക്കുമോ, എന്തിനാണ് ഗവൺമെന്റ് ഇത്ര തിരക്കുകൂട്ടി ഇത്ര വ്യഗ്രതയോടുകൂടി ഈ സ്കീമിലേയ്ക്ക് പോകുന്നത്. എന്താണ് ഇതിന്റെ കാര്യമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : സർ, ഈ കൊല്ലം നടപ്പാക്കണമെന്നാണ് ഉദ്ദേശം. മേയ് അല്ലെങ്കിൽ അതിനപ്പുറത്തു പോകും. ഇപ്പോൾ നടപ്പിലാക്കിയില്ല എങ്കിൽ കുറേക്കൂടി നമുക്കു നീട്ടാം. യാതൊരു കുഴപ്പവുമില്ല. പക്ഷേ, ഈ കൊല്ലം ഇത്തരം ഒരു പുതിയ സ്കീം ലണ്ടനിലും അമേരിക്കയിലും നമ്മുടെ സംസ്ഥാനത്തിനടുത്ത് കിടക്കുന്ന തമിഴ്നാട്ടിലുമൊക്കെ നടപ്പിലാക്കിയതിന്റെ എക്സ്പിരിയൻസ് വച്ചുകൊണ്ട് ഇവിടെയും ഒരു പുതിയ സ്കീം കൊണ്ടുവരണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിന് വിയോജിപ്പുള്ളവരും യോജിപ്പുള്ളവരും രണ്ടു ഭാഗത്തിലുമുണ്ട്. അതുകൊണ്ട് എല്ലാം കേട്ട്, ലാ വകുപ്പും എല്ലാ വകുപ്പും ചർച്ച ചെയ്തേ നടപ്പാക്കുകയുള്ളു. ടി. എം ജേക്കബിന് അത്ര ഭയപ്പാടു വേണ്ട. അത്ര വിപുലമായി നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, ജനകീയ പോലീസ് എന്ന ഒരു നിർദ്ദേശം ഈ സംസ്ഥാനത്ത് ജനങ്ങളുടെയിടയിലും ആയിട്ടുണ്ട്. ജനങ്ങളുടെ സഹകരണത്തോടും പിന്തുണയോടും കൂടി പല കാര്യങ്ങളും നടക്കുന്നുണ്ട്. എന്റെ അനുഭവത്തിൽ, എന്റെ നാട്ടിൽ ഒരു സംഭവമുണ്ടായി. ഞാനത് പത്രക്കാരോടും പറയുകയുണ്ടായി. 1989-ൽ എന്റെ നിയോജകമണ്ഡലത്തിലെ ഹെഡ്ക്വാർട്ടേഴ്സിൽ വ്യാപകമായ മോഷണം പെരുകിക്കഴിഞ്ഞപ്പോൾ അമ്പതോളം ചെറുപ്പക്കാരെ സംഘടിപ്പിച്ചുകൊണ്ട് പോലീസ് ഒരു നീക്കം നടത്തി. രണ്ടു ദിവസത്തിനകം ഈരാറ്റുപേട്ട പട്ടണത്തിലെ ഒരു കടയുടെ തട്ടിൻപുറത്തുനിന്നും ഒരു കള്ളനെ പിടിച്ചെടുത്തു. അവൻ തൃശ്ശൂരുകാരനായിരുന്നു. അറിയപ്പെടുന്ന മോഷ്ടാവായിരുന്നു. ജനകീയപോലീസ് എന്നുപറഞ്ഞാൽ ഇവർ എന്തിനാണ് ഭയപ്പെടുന്നത് ? ഈ സംഭവം മുഴുവൻ ജനങ്ങളുമായി ചർച്ച ചെയ്തു. നിയമസഭയിൽ ചർച്ച ചെയ്യും ക്യാബിനറ്റിൽ വയ്ക്കും എന്ന് വളരെ വ്യക്തമായി മുഖ്യമന്ത്രി സഭയിൽ പല പ്രാവശ്യം പറഞ്ഞുകഴിഞ്ഞു. ഈ സംസ്ഥാനത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ പ്രതിപക്ഷം നടത്തുന്ന ഈ കുൽസിത ശ്രമം പരാജയപ്പെടുത്താൻ ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : സർ, ജനങ്ങളുടെ സഹകരണത്തോടു കൂടി മാത്രമേ ഈ പദ്ധതി നടപ്പാക്കുകയുള്ളൂ. ഒരു കുൽസിത പ്രവർത്തനത്തിനും ഇവിടെ സാധ്യമല്ല.

ശ്രീ. ഉമ്മൻചാണ്ടി : സർ, ജനകീയ പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാൻ ഏതെങ്കിലും സംസ്ഥാനത്തിലേയ്ക്ക് ഇവിടെനിന്നും ആരെയെങ്കിലും വിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെവിട്ടു ; ഏതെങ്കിലും സംസ്ഥാനങ്ങളിലേയ്ക്ക് വിട്ടു എന്ന് വെളിപ്പെടുത്താൻ മുഖ്യമന്ത്രി തയ്യാറാകുമോ ?

ശ്രീ. ഇ. കെ. നായനാർ : സർ, വിട്ടിട്ടുണ്ടോ എന്നുള്ള ചോദ്യം കഴിഞ്ഞാണല്ലോ ആരെ വിട്ടു എന്നുള്ളത്. വിട്ടു കഴിഞ്ഞിട്ടില്ല. വിടാൻവേണ്ടി ഉദ്ദേശിക്കുന്നു. എക്സ്പെർട്ട്സിനെ അയയ്ക്കും. അത്രേയുള്ളൂ.

മി. സ്പീക്കർ : ചോദ്യം നമ്പർ 2, 6, 7, 14, 17, 30 എന്നിവ ക്ലബ് ചെയ്തെടുക്കാം. ഇത് പ്രധാനപ്പട്ട ചോദ്യങ്ങളാണ്. അതുകൊണ്ടാണ് ക്ലബ് ചെയ്തെടുക്കണമെന്ന ആവശ്യം ഉയർന്നുവന്നിരിക്കുന്നത്. സാധാരണ നിലയിലുള്ളതല്ല എന്ന് ചെയർ മനസ്സിലാക്കുന്നു.

ഉദ്യോഗസ്ഥ നിയമനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം

3 (*2) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ . എൻ. ആർ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly